# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 772 — 08.03.2012 - ൽ മറുപടിക്ക്

## റാന്നി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളത്; സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; ആയത് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(എ) പതിനൊന്ന് കോടി രൂപയ്ക്ക് അനുമതി ലഭിച്ച, റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

I. 1. പുതുശ്ശേരിമല ലോ ലെവൽ ബൂസ്റ്റർ
2. പുതുശ്ശേരിമല ഹൈ ലെവൽ ബൂസ്റ്റർ
3. തേക്കുമല ബൂസ്റ്റർ
4. ഇട്ടിയപ്പാറ ബൂസ്റ്റർ
5. ആനത്തടം ബൂസ്റ്റർ
6. ചെല്ലക്കാട് ബൂസ്റ്റർ

എന്നീ ആറ് ബൂസ്റ്റർ പമ്പ് ഹൗസുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കലും അനുബന്ധപണികളും.

II. പുതുശ്ശേരിമല ഹൈ ലെവൽ ബൂസ്റ്റർ പമ്പിൽ നിന്നുള്ള സോൺ II വിതരണ ശൃംഖല

III. ഇൻടേക്ക് പമ്പ് ഹൗസിനോട് ചേർന്നുള്ള ട്രാൻസ്ഫോർമർ സബ് സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള കരാർ നൽകിയത് 16.11.2011 - ലാണ്. ആയതിനാലാണ് പ്രസ്തുത പണികൾ ഇതിനകം പൂർത്തിയാക്കാൻ സാധിക്കാത്തത്.

ഏപ്രിൽ 10-ാം തീയതിയോടു കൂടി പൂർത്തിയാക്കാൻ സാധിക്കും;

IV. തേക്കുമല ജലസംഭരണിയിൽ നിന്നുള്ള വിതരണ ശൃംഖലയുടെ വനം വകുപ്പിന്റെ റോഡിൽ കൂടിയുള്ള ഭാഗം വനം വകുപ്പിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

V. ഇൻടേക്ക് പമ്പ് ഹൗസ്, ശുദ്ധീകരണ ശാല എന്നിവിടങ്ങളിലെ വൈദ്യുത കണക്ഷൻ;

(ബി) രണ്ടാം ഘട്ട നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ആയ

(ബി) റാന്നി പഴവങ്ങാടി വടശ്ശേരിക്കര പദ്ധതിയുടെ രണ്ടാം ഘട്ടവിതരണ ശൃംഖലയുടെ വിതരണത്തിനായി

തിന് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ടെൻഡർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

05.06.2010-ൽ കൂടിയ എസ്.എൽ.എസ്.എസ്.സി യിൽ 1458.99 ലക്ഷം രൂപ അനുവദിക്കുകയും 14.12.2011-ൽ ഭരണാനുമതി നൽകുകയും ചെയ്തു.

പ്രസ്തുത വിതരണ ശൃംഖല വിവിധ സോണുകളായി തിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകി 4 മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കും.

(സി) ശബരിമല ഇടത്താവളങ്ങളായ പെരുനാട്, വടശ്ശേരിക്കര, അങ്ങാടി എന്നിവിടങ്ങളിലെ ശുദ്ധജല വിതരണ പദ്ധതികളിലെ നിലവിലുള്ള മോട്ടോർ പമ്പുകൾക്കു പകരം പുതിയവ സ്ഥാപിക്കാൻ മുഖ്യമന്ത്രി വിളിച്ചു ചേർത്ത ശബരിമല ഉന്നതതല യോഗത്തിൽ എടുത്ത തീരുമാനം നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(സി) ശബരിമല ഇടത്താവളങ്ങളായ പെരുനാട്, വടശ്ശേരിക്കര, അങ്ങാടി ശുദ്ധജല വിതരണ പദ്ധതിയിലെ നിലവിലുള്ള മോട്ടോർ പമ്പുകൾക്ക് പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) റാന്നി-പെരുനാട്, എഴുമറ്റൂർ എന്നീ ശുദ്ധജല വിതരണ പദ്ധതികൾക്ക് എസ്.എൽ.ഇ.സി.യിൽ അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ; ഇവയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയും; ആയതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പെരുനാട് അത്തിക്കയം പദ്ധതിയ്ക്ക് വേണ്ടി 2829 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 03.10.2011-ലെ എസ്.എൽ.എസ്.എസ്.സി യോഗം പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1400 ലക്ഷം രൂപയുടെ അനുമതിയാണ് നൽകിയത്. കൂടാതെ എഴുമാറ്റൂർ പദ്ധതിയ്ക്ക് 1380 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഒന്നാം ഘട്ടത്തിനായി 600 ലക്ഷം രൂപയാണ് കമ്മറ്റി അനുവദിച്ചത്. മേൽ പദ്ധതികൾ മുൻകൂർ ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) അങ്ങാടി ഓഗ്മെന്റേഷൻ, പെരുമ്പെട്ടി, കൊല്ലമുള, അയിരൂർ എന്നീ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഓരോ പദ്ധതിയുടേയും ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കാൻ

(ഇ) 28.06.2011 ജലവിഭവ വകുപ്പ് മന്ത്രിയുടെ പത്തനംതിട്ട ജില്ല കളക്ടറേറ്റിൽ വച്ച് നടന്ന മീറ്റിംഗിൽ ഈ പദ്ധതിയുടെ സമ്പൂർണ്ണമായ ഡി.ഇ.ആർ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നതനുസരിച്ച് പുതിയ സർവ്വേ ഈ മാസത്തോടു കൂടി പൂർത്തിയാക്കി മുൻ ഡി.ഇ.ആറിനോട് അനുബന്ധമായി ജല വിതരണ ശൃംഖല കൂടി ചേർത്ത് സമ്പൂർണ്ണമായ ഒരു ഡി.ഇ.ആർ മേയ് 2012

| | | |
|---|---|---|
| | കഴിയും. അതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | അവസാനത്തോട് കൂടി ലഭ്യമാകും. പുതുക്കിയ പ്രൊപ്പോസലിന്റെ ഡി.ഇ.ആർ പരിശോധിച്ചു വരുന്നു. അങ്ങാടി പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള ഓഗ്മെന്റേഷൻ പദ്ധതിയുടെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭി-ച്ചിട്ടുണ്ട്. ഇൻവെസ്റ്റി ഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സർവ്വെ ആരംഭിച്ച് ആറ് മാസത്തിനകം ഡി.ഇ.ആർ കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുന്നതാണ്. കൊല്ലമുള വില്ലേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഡി.ഇ.ആർ മെയ് മാസത്തോടു കൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികളിലെ പമ്പു സെറ്റുകൾ മാറ്റുന്നതിനായി ആർ.ഐ. ഡി.എഫ്. പദ്ധതി പ്രകാരം എടുത്ത എസ്റ്റിമേറ്റുകൾക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇവയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ടെൻഡർ ചെയ്യാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ടെൻഡർ ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (എഫ്) വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികളിലെ പമ്പ്സെറ്റുകൾ മാറ്റുന്നതിനായി ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം എടുത്ത എസ്റ്റിമേറ്റുകൾക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്ഷണിച്ച ടെണ്ടറുകളിൽ ചിലതിന് കരാറുകാർ ആരും തന്നെ ക്വാട്ട് ചെയ്യാത്തതിനാൽ പുനർ ദർഘാസുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ